(ഡി) മിഷനിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ നിയമന രീതി, തെരഞ്ഞെടുക്കുന്ന രീതി, തസ്തികകൾ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

1) ഡയറക്ടർ - സർക്കാർ നേരിട്ടുനിയമിക്കുന്നതാണ്. രജിസ്ട്രാർ - ഡയറക്ടർ, അനുയോജ്യ പദവിയിലുള്ളൊരു ഓഫീസറെ, ബോർഡിന്റെ അംഗീകാരത്തോടുകൂടി കരാർ അടിസ്ഥാനത്തിലോ മറ്റ് വിധത്തിലോ രജിസ്ട്രാറായി നിയമിക്കുന്നു. ഫിനാൻസ് ഓഫീസർ (ഡെപ്യൂട്ടേഷൻ), ഭാഷാദ്ധ്യാപകൻ (ഡെപ്യൂട്ടേഷൻ), അസിസ്റ്റന്റ് (ഡെപ്യൂട്ടേഷൻ).

2) കരാർ നിയമനം-1. ഗ്രാഫിക് ഡിസൈനർ 2. ലെഔട്ട് ആർട്ടിസ്റ്റ് 3. അക്കൗണ്ടന്റ് 4. പി.ആർ.ഒ. 5. റേഡിയോ ഹെഡ് 6. പ്രൊജക്ട് അസിസ്റ്റന്റ് (ബി.എം.ഒ.ഒ.സി.)

3) ദിവസ വേതനം 1. ഓഫീസ് അറ്റൻഡന്റ് 2. ഡി.റ്റി.പി. ഓപ്പറേറ്റർ 3. ന്യൂസ് എഡിറ്റർ - ഭൂമിമലയാളം 4. പ്രോജക്ട് അസിസ്റ്റന്റ് - റേഡിയോ മലയാളം- 5. പ്രോജക്ട് അസിസ്റ്റന്റ് - സുവനീർ ഷോപ്പ് 6. സൗണ്ട് എഞ്ചിനീയർ - റേഡിയോ മലയാളം 7. ഡ്രൈവർ 8. സ്വീപ്പർ

(ഇ) മിഷൻ മേധാവിയുടെ നിയമന രീതിയും അനുവദിക്കുന്ന മറ്റ് സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മിഷൻ മേധാവിയെ സർക്കാർ നേരിട്ടാണ് നിയമിക്കുന്നത്. നിലവിലുള്ള മിഷൻ മേധാവിക്ക്, പുന:നിയമന വേതനം തീരുമാനിക്കുന്നതുവരെ 50,000/-രൂപ പ്രതിമാസ വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മിഷൻ ഡയറക്ടർ എന്ന നിലയിൽ ഔദ്യോഗിക വാഹനം, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ

312(2349) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധന സമ്പ്രദായമുൾപ്പെടെ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സമൂഹത്തെ ബോധവത്കരിക്കുന്നതിനായി സാംസ്കാരിക വകുപ്പ് എന്തെങ്കിലും പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ?

ഉണ്ട്. സ്ത്രീ സമത്വം, സാമൂഹ്യ നീതി, മനുഷ്യാവകാശ സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമങ്ങളെ പ്രതിരോധിക്കുന്നതിനും സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം എന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്തമണ്ഡലങ്ങളിലും, വിശേഷിച്ച് ആശയാവിഷ്കാരങ്ങൾ നടപ്പാക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഭാരത് ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന് കീഴിലുള്ള മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളും ദീർഘകാല ബോധവത്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) വിവിധ സാംസ്കാരിക സംഘങ്ങളെ കൂട്ടിയോജിപ്പിച്ചും വിവിധ സംഘടനകളുടെ സഹായത്തോടെയും ദീർഘകാലം നീണ്ടുനിൽക്കുന്ന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സ്ത്രീ സമത്വം, സാമൂഹ്യ നീതി, മനുഷ്യാവകാശ സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റമെന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്തമണ്ഡലങ്ങളിലും, വിശേഷിച്ച് ആശയാവിഷ്കാരങ്ങൾ നടപ്പാക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഭാരത്ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിനുകീഴിലുള്ള മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളും ദീർഘകാല ബോധവത്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്.

കലാകാരന്മാർക്ക് പെൻഷൻ

313(2350) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?